(ബി) പുതിയ ബസ്-സ്റ്റാഫ് റേഷ്യോ പ്രകാരം നിലവിൽ ഒഴിവുകളില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ എണ്ണം

121 [3526] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പ്രതിമാസ ശമ്പളം ഇനത്തിൽ എത്ര രൂപ ചെലവാകും; വിശദാംശം നൽകുമോ?

ഉത്തരം

(എ) 2003 മേയ് മാസത്തെ കണക്കനുസരിച്ച് 24657 ജീവനക്കാരുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു:

കണ്ടക്ടർമാർ	..	8155
സ്റ്റേഷൻ മാസ്റ്റർ	..	190
ഇൻസ്പെക്ടർ	..	574
ഡ്രൈവർമാർ	..	8849
എച്ച്. വി. എസ്. ആന്റ് വി. എസ്.	..	117
മിനിസ്റ്റീരിയൽ വിഭാഗം	..	2177
സെക്യൂരിറ്റി	..	285
സ്റ്റോർ	..	263
മെക്കാനിക്കൽ വിഭാഗം	..	3995
സിവിൽ	..	3
വാട്ടർ ട്രാൻസ്പോർട്ട്	..	49
ആകെ	..	24657

(ബി) ശമ്പളം ഇനത്തിൽ പ്രതിമാസം 15.75 കോടി രൂപ ചെലവാകുന്നുണ്ട്.

പി. എസ്. സി. വഴി കണ്ടക്ടർ നിയമനം ലഭിച്ചവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും

122 [3527] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ പി. എസ്. സി. വഴി കണ്ടക്ടർ ആയി നിയമനം ലഭിച്ചവർക്ക് ശമ്പളത്തിന് പകരം ഡെയിലി വേജസ് മാത്രമാണ് നൽകിവരുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇവർക്ക് അർഹതപ്പെട്ട ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ. എസ്. ആർ. ടി. സി.-യിൽ സ്ഥിരം വേക്കൻസി ഇല്ലാത്തതിനാലും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള ഒ. പി. നം. 37878/01-ലെ ഇടക്കാല വിധി (സി. എം. പി. നം. 62078/01) പ്രകാരവുമാണ് ഇവരെ എംപാനൽ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളത്. അതിനാൽ ഇവർക്ക് എംപാനൽ ജീവനക്കാർക്കുള്ള വേതനമാണ് നൽകിവരുന്നത്.

(സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള ഒ. പി. നം. 37878/01-ലെ അന്തിമവിധിക്കനുസരണമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി.-യിൽ ഒരു തസ്തികയിൽനിന്ന് മറ്റൊരു തസ്തികയിലേക്ക് മാറ്റം അനുവദിക്കുന്നതിന് നടപടി

123 [3528] പ്രൊഫസർ എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് ഏതെല്ലാം സാഹചര്യങ്ങളിലാണ് തസ്തികമാറ്റം അനുവദിക്കുന്നത്;

(ബി) പ്രസ്തുത ജീവനക്കാർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലേർപ്പെട്ടിരിക്കുമ്പോൾ അപകടം സംഭവിച്ചാൽ അതിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് തസ്തികമാറ്റം അനുവദിക്കാറുണ്ടോ;

(സി) കെ. എസ്. ആർ. ടി. സി. കണ്ണൂർ ഡിപ്പോയിലെ ഡ്രൈവറായിരുന്ന മട്ടന്നൂർക്കാരൻ ശ്രീ. പത്മനാഭൻ കരിന്ത എന്നയാളിന് അയാളുടേതല്ലാത്ത തെറ്റിന്റെ പേരിൽ ലോറി അപകടത്തിൽപ്പെട്ട് കാല് നഷ്ടപ്പെടാനിടയായിട്ടുണ്ടോ;

(ഡി) ടിയാൻ അപകടത്തിൽപ്പെട്ടു സുഖം പ്രാപിച്ച് തിരിച്ചെത്തിയ ശേഷം കുറച്ചുകാലം പ്യൂൺ തസ്തികയിൽ ജോലി ചെയ്യുവാൻ അനുവദിച്ചിട്ടുണ്ടായിരുന്നോ;

(ഇ) ടിയാൻ പ്യൂൺ തസ്തികയിലേക്ക് മാറ്റിത്തരണമെന്ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly